LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഈ റോഡുകൾ 10 മുതൽ 15 വർഷങ്ങൾ വരെ ദീർഘകാലം ഈടു നിൽക്കുന്നവയാണ്. റോഡ് നിർമ്മാണ വേളയിൽ തന്നെ പ്രധാന പ്രവൃത്തികളിൽ സ്ഥലലഭ്യതയനുസരിച്ച് കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., ടെലി കമ്മ്യൂണിക്കേഷൻസ് തുടങ്ങിയവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി ഡക്ടുകൾ, നിർമ്മിക്കുന്നതിനാൽ നിർമ്മാണശേഷം റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നു. കൂടാതെ റോഡുകളിൽ മഴവെള്ളം സുഗമമായി ഒഴുകിപ്പോകുന്നതിന് ആവശ്യമായ ഓടകൾ, കലുങ്കുകൾ, കാൽനടയാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്ട് പാത്തുകൾ, മറ്റ് റോഡ് സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയും ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്നുണ്ട്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണ രീതി നടപ്പിലാക്കി വരുന്നു. കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ പുനഃനിർമ്മിക്കുന്നതിനായി ഉപയോഗിക്കുകയും ചെയ്യുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടി സ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിനും സാധിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. സാങ്കേതിക രംഗത്തെ നവീന ആശയങ്ങളെക്കുറിച്ച് ബോധ വൽക്കരണം നൽകുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്.

ശാസ്ത്രാദ്ധ്യയനം പ്രോത്സാഹിപ്പിക്കുവാൻ നടപടി

13(*223) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ :
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനസൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതു വിദ്യാഭ്യാസരംഗത്ത് ശാസ്ത്രാഭ്യയനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ രംഗത്ത് ശാസ്ത്രാഭ്യയനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പഠന സൗകര്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1. ശാസ്ത്ര പദ്ധതി വിനിമയത്തിൽ പ്രവർത്തനാധിഷ്ഠിത പഠന രീതിക്ക് ഊന്നൽ നൽകിയിരിക്കുന്നു.

2. ഇതിന് അദ്ധ്യാപകരെ സജ്ജമാക്കുന്ന പ്രവർത്തനാധിഷ്ഠിത സെഷനുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ വിവിധ തലങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

3. പാഠപുസ്തകങ്ങളുടെ ഉള്ളടക്കം കാലാനുസൃതമായി മാറ്റങ്ങളുൾപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നു.

4. ശാസ്ത്ര വിഷയങ്ങളുടെ അദ്ധ്യയനത്തിൽ ഗവേഷണാത്മകത പ്രോത്സാഹിപ്പിക്കുന്നതിനായി അദ്ധ്യാപകരിൽനിന്നും അപേക്ഷ ക്ഷണിച്ച്, തെരഞ്ഞെടുക്കപ്പെടുന്നവ അക്കാദമികവും സാമ്പത്തികവുമായ പിന്തുണ നൽകുന്ന പ്രവർത്തനം നടപ്പാക്കിവരുന്നുണ്ട്.

5. സ്കൂൾ തലത്തിൽ നടത്തുന്ന മികച്ച ശാസ്ത്ര ക്ലാസ്സുകളുടെ മാതൃകകൾ ഡോക്യുമെന്റ് ചെയ്ത് മറ്റ് സ്കൂളുകൾക്കും സ്വീകരിക്കാവുന്ന വിധത്തിൽ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

6. അമൂർത്തമായ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട വീഡിയോ, അനിമേഷൻ, പരീക്ഷണങ്ങൾ എന്നിവ തയ്യാറാക്കി സമഗ്ര പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

7. ശാസ്ത്രാഭ്യയനം പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്രരംഗം/ശാസ്ത്രായനം എന്നൊരു പുതിയ പദ്ധതിയും ശാസ്ത്രരംഗം എന്ന പേരിൽ ഒരു ത്രൈമാസികയും ആരംഭിച്ചിട്ടുണ്ട്.

8. വിദ്യാഭ്യാസരംഗത്ത് കുട്ടികളുടെ ശാസ്ത്രബോധം വളർത്തുന്നതിനുവേണ്ടി ശാസ്ത്രപഥം, ശാസ്ത്രപാർക്ക്, ശാസ്ത്ര കൗതുകം തുടങ്ങിയ പരിപാടികൾ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽവച്ച് നടത്തുന്നു.

9. ഗണിത വിഷയങ്ങളിലെ അഭിരുചി വളർത്താൻ ഗണിതോത്സവം, ഗണിത വിജയം, ഉല്ലാസ ഗണിതം എന്നീ പരിപാടികൾ നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ?

1. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്യമാറ്റ്സ്, സ്റ്റെപ്സ് എന്നിവയുടെ മാതൃകയിൽ സ്റ്റേറ്റ് തലത്തിലുള്ള കുട്ടികളെ ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ആസൂത്രണം നടന്നുവരുന്നു.

2. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കായി ശാസ്ത്ര പ്രോജക്ട് മത്സരം പൊതുവിദ്യാഭ്യാസ വകുപ്പും സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലുമായി ചേർന്ന് നടപ്പാക്കുന്നുണ്ട്.

3. സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രമേളയും സയൻസ് ടാലന്റ് സെർച്ച് പരീക്ഷയും നടപ്പാക്കിവരുന്നു. ശാസ്ത്രാശയങ്ങളെ ജനകീയമാക്കുക എന്നതും ശാസ്ത്രമേളകളുടെ ലക്ഷ്യമാണ്.

4. ശാസ്ത്രാഭിരുചിയുള്ള വിദ്യാർത്ഥികളെ ശാസ്ത്രരംഗം പദ്ധതിയിലുൾപ്പെടുത്തി അവർക്കാവശ്യമായ പഠനസൗകര്യങ്ങളും വിദഗ്ധരുമായുള്ള സംവാദത്തിനുള്ള അവസരങ്ങളും നൽകിവരുന്നു. കൂടാതെ ശാസ്ത്രസ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരവും ഒരുക്കാറുണ്ട്.

(ഡി) ശാസ്ത്രമേഖലയിലെ പുതിയ കണ്ടെത്തലുകൾ അവയുടെ ആധികാരികത ഉറപ്പിച്ച് വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ തലത്തിലുള്ളത്; വിശദമാക്കുമോ?

1. ശാസ്ത്രപഥം പോലുള്ള പരിപാടികളുടെ ഭാഗമായി നടക്കുന്ന സെമിനാറുകളിൽ കുട്ടികൾക്ക് നേരിട്ട് പ്രമുഖ ശാസ്ത്രജ്ഞരുമായും വിഷയ വിദഗ്ധരുമായും ഓൺലൈനായി സംവദിക്കാൻ അവസരം ഒരുക്കുന്നുണ്ട്.

2. ശാസ്ത്രമേഖലയിലെ പുതിയ കണ്ടെത്തലുകളെയും ചലനങ്ങളെയും കുറിച്ചുള്ള പഠനലേഖനങ്ങൾ തയ്യാറാക്കി ശാസ്ത്രരംഗം ത്രൈമാസികയിൽ പ്രസിദ്ധീകരിക്കുകയും അത് സ്കൂളുകൾ വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നു.

3. പുതിയ കണ്ടെത്തലുകൾ ചർച്ച ചെയ്യുന്നതിനുള്ള അവസരങ്ങൾ, വിഷയാധിഷ്ഠിതമായി അദ്ധ്യാപക പരിശീലനത്തിൽ ഉൾപ്പെടുത്താറുണ്ട്.

4. ശാസ്ത്രമേഖലയിലെ പുതിയ കണ്ടെത്തലുകൾ അവയുടെ ആധികാരികത ഉറപ്പിച്ച് ഓരോ പാഠ്യപദ്ധതി പരിഷ്കരണത്തിലും ചർച്ച ചെയ്ത് അതത് തലങ്ങളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താറുണ്ട്.

5. ഗവേഷണ സ്ഥാപനങ്ങളുടേയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ ശാസ്ത്ര വിഷയങ്ങളിൽ ആഭിമുഖ്യം ഉണ്ടാക്കാനും ഗവേഷണ താൽപ്പര്യം വർദ്ധിപ്പിക്കാനും ശാസ്ത്ര ക്യാമ്പുകളും വർക്ക്ഷോപ്പുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

റീ-സർവ്വേ നടപടികൾ

14(*224) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ റീ-സർവ്വേ പ്രവർത്തനങ്ങളിൽ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2017-ൽ ലാൻഡ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ, സർവ്വേ അഡീഷണൽ ഡയറക്ടർ, ലാൻഡ് റവന്യൂ IT സെൽ നോഡൽ ഓഫീസർ, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM) പ്രോജക്ട് മാനേജർ തുടങ്ങിയവർ ഗുജറാത്ത് സംസ്ഥാനം സന്ദർശിച്ച് അവിടെ നടപ്പിലാക്കിയിട്ടുള്ള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ സംബന്ധിച്ച നടപടി മനസ്സിലാക്കിയിട്ടുള്ളതും, 2020 ഫെബ്രുവരി 12, 13 തീയതികളിൽ ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്ന സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ഒരു നാഷണൽ സെമിനാർ സംസ്ഥാനത്ത് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 19-7-2021 തീയതി മുതൽ 23-07-2021 വരെ

LIBRARY ARCHIVES Kerala Legislative Assembly